


# അക്കാഡമിക മാസ്റ്റർപ്ലാൻ
# 2025-26

gwlpsthazhathuvadakku@gmail.com

# ആമുഖം

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് താഴത്തുവടക്ക് ഗവ. ഡബ്ല്യു. എൽ. പി. എസ്. 2025 - 26 അധ്യയന വർഷം പ്രൈമറി വിഭാഗത്തിൽ 20 കുട്ടികളും പ്രീപ്രൈമറി വിഭാഗത്തിൽ 9 കുട്ടികളും പഠിക്കുന്നുണ്ട്. കുട്ടികളുടെ സമഗ്രവായ വികാസമാണ് ഈ അധ്യയന വർഷം ലക്ഷ്യമിടുന്നത്. എഴുത്തിലും വായനയിലും അടിസ്ഥാന ശേഷികൾ വളർത്തുന്നതിലും അതിനു പുറമെ കുട്ടികളിലെ സർഗാത്മക രചനയ്ക്കും പ്രാധാന്യം നൽകുന്നു. വിദ്യാലയത്തെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ മുന്നോട്ട് നയിക്കാനും പൊതുസമൂഹത്തെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നതിനും കുട്ടികളുടെ സമഗ്രപുരോഗതിയ്ക്കായും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

പിടിഎ പ്രസിഡന്റ് ഹെഡ്മാസ്റ്റർ

MPTA പ്രസിഡന്റ് SMC ചെയർപേഴ്സൺ

## പൊതുലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
* എല്ലാകുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ഭാഷകൾ എഴുതാനും വായിക്കാനും കഴിയുക.
* പത്രക്വിസ് നടത്തുക.
* വായനയ്ക്കായി അരമണിക്കൂർ മാറ്റി വെയ്ക്കുക.
* വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ സുലഭമായി ഉപയോഗിച്ച് ഡിജിറ്റൽ അറിവ് വിപുലപ്പെടുത്തുക.
* ഇടക്കാല പരീക്ഷകൾ നടത്തുക.
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുക.
* എല്ലാ കുട്ടികളെയും മുൻനിരയിൽ കൊണ്ടുവരിക.
* ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
* അടുക്കളത്തോട്ടം വിപുലപ്പെടുത്തുക
* സ്കൂൾ പ്ലാസ്റ്റിക് ഫ്രീ ക്യാമ്പസ് ആക്കുക.
* മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ഏർപ്പെട്ട് "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന ബോധം ഉണർത്തുക.

* മൊബൈൽ ഫോണിന്റെ അമിത ഉപയോഗം കുറയ്ക്കുക.
* സൂമ്പ പരിശീലനം ചിട്ടയോടുകൂടി നടത്തുക.
* ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* ശുചിത്വവുമായി ബന്ധപ്പെട്ട് വ്യക്തി ശുചിത്വം, പരിസര ശുചിത്വം പാലിക്കുക.
* കുട്ടികളുടെ ആരോഗ്യ കായിക ക്ഷമത വർധിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* പ്രവൃത്തി പരിചയ ശില്പശാലകൾ നടത്തുക.
* രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുക.
* കോർണർ പിടിഎകൾ സംഘടിപ്പിക്കുക
* സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നടത്തുക.
* ചതുഷ്ക്രിയകൾ, സംഖ്യാബോധം എന്നിവയിൽ ശേഷി നേടുക.

# ലക്ഷ്യങ്ങൾ

## ഭാഷ

* എല്ലാ കുട്ടികളെയും വായനയിലേക്ക് നയിക്കുക.
* അക്ഷരത്തെറ്റ് കൂടാതെ എഴുതാൻ പ്രാപ്തരാക്കുക.
* ചിത്രകഥകൾ കഥാരൂപത്തിലേക്ക് മാറ്റുക.
* സർഗാത്മക ഡയറി, സംയുക്ത ഡയറി ശീലമാക്കുക.
* കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
* വിവിധ എഴുത്തുകാരെ പരിചയപ്പെടുക. അഭിമുഖം നടത്തുക.
* ആശയ വിനിമയ ശേഷി ഉറപ്പാക്കുക.
* സർഗാത്മക രചനകളിൽ ഏർപ്പെടുക.
* ലൈബ്രറി പുസ്തകങ്ങളുടെ ഉപയോഗം വർധിപ്പിക്കുക.
* ക്ലാസ് ലൈബ്രറികൾ സജീവമാക്കുക
* ഭാഷാ ശേഷി വികസനത്തിനായി ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* അക്ഷരക്കാർഡുകൾ, വായനകാർഡുകൾ നിർമ്മിക്കുക. കേളികളിൽ ഏർപ്പെടുക.

## ഇംഗ്ലീഷ്

* ഓരോ ക്ലാസിലും നേടേണ്ട ശേഷികൾക്കനുസരിച്ച് സംഭാഷണ അവസരങ്ങൾ ഉൾപ്പെടുത്തുക.
* സ്വതന്ത്ര വായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക.
* Language game ൽ ഏർപ്പെടുക.
* എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* വായനാശീലം വളർത്തുക.
* അക്ഷരകാർഡുകൾ, വായനകാർഡുകൾ നിർമ്മിക്കുക.
* ക്ലാസ് ലൈബ്രറികൾ പ്രയോജനപ്പെടുത്തുക.
* സ്പോക്കൺ ഇംഗ്ലീഷ് ശീലമാക്കുക.

## പരിസരപഠനം.

* ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക.
* ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
* ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ്

* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക. പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുക.
* പ്രകൃതി നടത്തം ശീലമാക്കുക.
* പ്രകൃതിയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* ശാസ്ത്ര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക.
* ദിനാചരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* സ്വാതന്ത്ര്യ സമര സേനാനികൾ അഭിമുഖം. ഭരണഘടനയെ ബഹുമാനിക്കുക.
* പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക.
* ശുചിത്വ ശീലങ്ങൾ പാലിക്കുക.
* ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

## ഗണിതം.

* അടിസ്ഥാന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
* ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുക.
* സംഖ്യാവബോധം വളർത്തുക

* ഓരോ ക്ലാസിലെയും പഠനനേട്ടങ്ങൾ നേടിയെന്ന് ഉറപ്പാക്കുക.
* ഗണിത ചിന്ത, വിശകലന ശേഷിയെന്നിവ എല്ലാകുട്ടികളിലും വളർത്തിയെടുക്കുക.
* എല്ലാ കുട്ടികൾക്കും ഗണിതം ആസ്വദിക്കാൻ കഴിയുക.
* ക്ലബ്ബ് പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* ഗണിത കേളികളിൽ ഏർപ്പെടുക.
* സംഖ്യാകാർഡുകൾ, രൂപങ്ങൾ, ക്ലോക്ക് തുടങ്ങിയവ നിർമ്മിക്കുക.
* നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നാപഗ്രഥനം നടത്തുക.

## ഐസിടി

* ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗിക്കുക
* 'കളിപ്പെട്ടി' പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുക.
* ഡിജിറ്റൽ പോസ്റ്ററുകൾ, ഡിജിറ്റൽ വായനാകാർഡുകൾ എന്നിവ നിർമ്മിക്കുക.

## പ്രവൃത്തിപരിചയം.

* കുട്ടികളിലെ സർഗാത്മക ശേഷി വികസിപ്പിക്കുക.
* ശില്പശാലകൾ സംഘടിപ്പിക്കുക
* രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ സംഘടിപ്പിക്കുക.
* തൊഴിൽ പരിശീലനം നടത്തുക. (കയർ ചവിട്ടി നിർമ്മാണം, ക്രാഫ്റ്റ് വർക്കുകൾ etc.)
* മേളകളിൽ കുട്ടികളെ മുൻനിരയിൽ എത്തിക്കുക.
* നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കുക.
* പാഴ്‌വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങൾ നിർമ്മിക്കുക
* ഇതര വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന അനുഭവങ്ങൾ ലഭ്യമാക്കുക.
* സാമൂഹിക പങ്കാളിത്തം കൂടി ഉറപ്പാക്കുന്നു.

## കലാപരിശീലനം

* കുട്ടികളിലെ സർഗാത്മകതയുടെ സമഗ്ര വികസനം സാധ്യമാക്കുക.
* കലാഭിരുചി വളർത്തുക.
* ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രയോജനപ്പെടുത്തുക.
* അഭിമുഖങ്ങൾ സംഘടിപ്പിക്കുക.
* ശില്പശാലകൾ, ക്യാമ്പുകൾ സംഘടിപ്പിക്കുക.
* സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക.
* നാട്ടിലെ കലാകാരൻമാരെ പ്രയോജനപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

* എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക.
* ആരോഗ്യ ശീലങ്ങൾ വളർത്തുക.
* സൂമ്പ പരിശീലനം നടത്തുക.
* യോഗ ശീലമാക്കുക.
* ലഹരി വിരുദ്ധ മനോഭാവം ശീലമാക്കുക.

# വിദ്യാലയത്തിൽ പ്രതിഫലിക്കുന്ന മാറ്റങ്ങൾ.

* ഭാഷാശേഷി വികസനത്തിൽ ഊന്നിയ അക്കാദമിക മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാതെ സ്വന്തം ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

* രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ സംയുക്തഡയറി എഴുതി തുടങ്ങുകയും തുടർന്ന് സ്വന്തം രചയിതാക്കൾ ആവുകയും ചെയ്യു

* സ്വന്തം സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.

* കുട്ടികഥകൾ കുട്ടികവിതകൾ നിർമ്മിക്കുന്നു.

* രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു.

* കോർണർ പിടിഎകൾ സജീവമാകുന്നു.

* കുട്ടികളുടെ മൊബൈൽ ഫോണിന്റെ അമിത ഉപയോഗം കുറയുന്നു.

* സ്കൂൾ പൊതു സമൂഹവുമായി ബന്ധം പുലർത്തുന്നു.
* പഠനോത്സവത്തിൽ വിഷയ ബന്ധിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* വിവിധ ബോധവത്കരണ ക്ലാസ്സുകളിൽ ഏർപ്പെടുന്നു.
* ഗണിത ശേഷികൾ നേടുന്നു.
* നല്ല സ്വഭാവശീലം വളർത്തുന്നു.

## പ്രവർത്തനങ്ങൾ

* മലയാളം, ഇംഗ്ലീഷ് വിഷയങ്ങളുടെ അക്ഷര കാർഡുകൾ നിർമ്മാണം.
* നിർമ്മാണ പ്രവർത്തനങ്ങളിലും കായിക പ്രവർത്തനങ്ങളിലും ഏർപ്പെടുക.
* റീഡിങ്ങ് കാർഡുകൾ നിർമ്മിക്കുക.
* ക്ലാസ് ലൈബ്രറി ഒരുക്കുക.
* ലഘു പരീക്ഷണങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കുക.
* അടുക്കളത്തോട്ട നിർമ്മാണം.
ജൈവവൈവിധ്യ പാർക്ക് നിർമ്മാണം
* സൂമ്പ ഒരു വ്യായാമ ശീലമാക്കുക.
* ലഹരിയുടെ ദോഷവശങ്ങൾ മനസ്സിലാക്കുന്നതിന് ബോധവത്കര

* പകർച്ചവ്യാധികളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* നല്ല സ്വഭാവ ശീലമുള്ളവരായി വളരുക.
* ദിനാചരണ പ്രവർത്തനങ്ങളിലും ക്ലബ്ബ് പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുക.
* കൃത്യമായി യൂണിറ്റ് ടെസ്റ്റുകൾ നടത്തുക.
* ഗണിത ചിന്ത, യുക്തി ചിന്ത വികസിപ്പിക്കുക.
* ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി.
* ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുക
* കർഷകരുമായി അഭിമുഖം നടത്തുക.
* ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കുക.
* പ്രകൃതി നടത്തം ശീലമാക്കുക.

കുട്ടികളുടെ സമഗ്രമായ
വികസനമാണ് വിദ്യാഭ്യാസത്തിലൂടെ
നേടേണ്ടത്. എല്ലാ മേഖലകളിലും
കുട്ടികളെ മുൻപന്തിയിൽ കൊ
ണ്ടുവരണം. ഓരോ കുട്ടിയ്ക്കും
വേണ്ട പഠനാസൂത്രണം
കൃത്യമായും നടത്തണം. നാളെ
നല്ല തലമുറയ്ക്കായി നല്ല
ശീലമുള്ളവരായി നല്ല ആരോഗ്യ
മുള്ള തലമുറ സൃഷ്ടിക്കാം....
നന്ദി....